അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റന്റന്റ് എന്നീ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഇനിയും അധികം തസ്തികകൾ സൃഷ്ടിക്കുവാൻ നിർവ്വാഹമില്ല.

മാട്ടൂർ ഗവൺമെന്റ് ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ നടപടി

128 (139) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കണ്ണൂർ ജില്ലയിലെ മാട്ടൂർ ഗവൺമെന്റ് ആശുപത്രിയുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ആശുപത്രിയുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടി വെളിപ്പെടുത്തുമോ ;

(സി) ഈ ആശുപത്രിയിൽ സ്ഥിരമായി ഡോക്ടറെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സ്ഥിരമായി ഡോക്ടർമാർ ഇല്ലാത്തതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇപ്പോൾ രണ്ട് ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതിൽ ഒന്നിൽ കരാർ അടിസ്ഥാനത്തിലും മറ്റേതിൽ പയ്യന്നൂർ ആശുപത്രിയിൽ നിന്നും താൽക്കാലികാടിസ്ഥാനത്തിലും ഡോക്ടർമാർ സേവനമനുഷ്ഠിക്കുന്നുണ്ട്.

(സി) സ്ഥിരമായി ഡോക്ടറെ നിയമിക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനം

129 (140) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളുടെ വികസനത്തിന് എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട് ;

(ബി) മെഡിക്കൽ കോളേജുകളിലെയും ജില്ലാ-താലൂക്ക് ആശുപത്രികളിലെയും ഔഷധക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുബന്ധമായി ചേർത്തിരിക്കുന്നു.†

† അനുബന്ധം XIV

LIBRARY ARCHIVES Kerala Legislative Assembly